ഉത്തരം

കരുനാഗപ്പള്ളി ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണത്തിനുവേണ്ടി നിർദ്ദേശം രൂപപ്പെടുത്തിയെങ്കിലും ആയത് കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത യൂണിയനുകളുടെയും മറ്റും അഭിപ്രായ വ്യത്യാസത്തെ തുടർന്ന് ഉപേക്ഷിക്കുവാനും നിലവിലുള്ള ഡിപ്പോ മന്ദിരത്തിന്റെ മുകളിൽ നിയമാനുസൃതമായി പുതിയ കെട്ടിടം നിർമ്മിക്കുവാനും കെ.എസ്.ആർ.ടി.സി. ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്.

തൊട്ടിൽപാലം - ബാംഗ്ലൂർ സൂപ്പർ എക്സ്പ്രസ് സർവ്വീസ്

241 (4576) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊട്ടിൽപാലം സബ് ഡിപ്പോയിൽ നിന്നും ബാംഗ്ലൂരിലേക്ക് സർവ്വീസ് നടത്തുന്ന സൂപ്പർ എക്സ്പ്രസ് ബസ് പല ദിവസങ്ങളിലും സർവ്വീസ് നടത്താത്തതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തൊട്ടിൽപാലം-ബാംഗ്ലൂർ സൂപ്പർ എക്സ്പ്രസ് സർവ്വീസ് മുടങ്ങുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത റൂട്ടിലെ ഏക ബാംഗ്ലൂർ ബസ് സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൊട്ടിൽപാലം - ബാംഗ്ലൂർ സൂപ്പർ എക്സ്പ്രസ് സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നതിനായി ഒരു ബസ് മാത്രമുണ്ടായിരുന്ന കാലയളവിൽ ടി ബസ്സിന് മെയിന്റനൻസ് പണികൾ വന്ന സാഹചര്യത്തിൽ ടി സർവ്വീസ് മുടങ്ങാറുണ്ടായിരുന്നു.

(സി) തൊട്ടിൽപാലം - ബാംഗ്ലൂർ സൂപ്പർ എക്സ്പ്രസ് സർവ്വീസിനായി ഒരു സ്പെയർ ബസ് കൂടി അനുവദിക്കുകയും ടി സർവ്വീസ് ഇപ്പോൾ മുടക്കം കൂടാതെ ഓപ്പറേറ്റ് ചെയ്ത് വരികയുമാണ്.

മാല്യങ്കരപ്പാലം വഴിയുള്ള ബസ് സർവ്വീസുകൾ

242 (4577) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയെ മലബാർ മേഖലയുമായി ബന്ധിപ്പിക്കുന്ന മാല്യങ്കരപ്പാലം വഴി നിലവിലുള്ള സർവ്വീസുകൾ തീർത്തും അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly